മൂന്നാനക്കുഴി സിൽക്ക് ഫാം വള്ളിയറുപ്പൻകാട് റോഡ്:— നന്നാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ടാറിന്റെ ലഭ്യതക്കുറവുമൂലം പണി തുടങ്ങിയിട്ടില്ല.

വട്ടപ്പാറ കുറ്റിയാനിറോഡ്:— ആദ്യത്തെ 2 കി. മീറ്റർ നന്നാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുകഴിഞ്ഞു. ബാക്കി ഭാഗത്തിന് ടെണ്ടർ ക്ഷണിച്ചുവെങ്കിലും കരാറുകാരെ ലഭിച്ചിട്ടില്ല.

നെടുമങ്ങാട്-മഞ്ച-അരുവിക്കര റോഡ്:— അറ്റകുറ്റപ്പണി നടത്തി റീ-ടാറിംഗ് ചെയ്യുന്നതിന് കരാർ ഉറപ്പിച്ചു. ടാറിന്റെ ലഭ്യതയനുസരിച്ച് പണി പൂർത്തിയാക്കുന്നതാണ്.

കെൽട്രോൺ ജംഗഷൻ- കുമ്മി-അരുവിക്കര റോഡ്:— പണി അറേഞ്ച് ചെയ്തിട്ടുണ്ട്. ടാർ ലഭിക്കുന്ന മുറയ്ക്ക് പണി പൂർത്തിയാക്കുന്നതാണ്.

ആറ്റിൻ പുറം പാലം-പനവൂർ പേരയം റോഡ്:—പാലത്തിന്റെ പണി തൊണ്ണൂറുശതമാനവും തീർന്നു. അപ്രോച്ച് റോഡിന്റെ ടാറിംഗ് ഒഴികെ ബാക്കി ജോലികൾ പൂർത്തിയായി വരുന്നു.

ചാണിച്ചൽ കടവ്-കളത്തുകാൽ റോഡ്:— അറ്റകുറ്റപ്പണിയും റീ-ടാറിംഗ് ജോലികളും പൂർത്തിയായിട്ടുണ്ട്.

ഇരുമ്പ-കളത്തുകാൽ-കാച്ചാണി റോഡ്:— പണി ഏറ്റെടുക്കുവാൻ കരാറുകാരെ ലഭിക്കാത്തതിനാൽ ഡിപ്പാർട്ടുമെന്റ് നേരിട്ട് ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ബാലരാമപുരം-കാട്ടാക്കട റോഡിന്റെ ശോച്യാവസ്ഥ

107(523) ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെയ്യാറ്റിൻകര പൊതുമരാമത്ത് വകുപ്പ് (നിരത്തുകൾ) സബ് ഡിവിഷനുകീഴിലുള്ള ബാലരാമപുരം-കാട്ടാക്കട റോഡിന്റെ ശോച്യാവസ്ഥ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ബാലരാമപുരം റെയിൽവേ ലെവൽക്രോസിംഗിന് സമീപം റോഡിന്റെ ശോച്യാവസ്ഥ കാരണം അപകടങ്ങൾ നിരന്തരം ഉണ്ടാകുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത റോഡിന്റെ റീ-ടാറിംഗ്, ഓട നിർമ്മാണം എന്നിവയ്ക്ക് എന്തെല്ലാം നടപടികൾ വകുപ്പിൽനിന്നും സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ റോഡ് ഗതാഗതയോഗ്യമാക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) അപകടങ്ങൾക്ക് മുഴുവൻ കാരണവും റോഡിന്റെ തകരാറാണെന്ന് പറയുന്നത് ശരിയല്ല.

(സി) പസ്തുത റോഡിന്റെ റീ-ടാറിംഗ്, ഓട നിർമ്മാണം എന്നീ ജോലികൾക്ക് ടെണ്ടർ വിളിച്ചിട്ടുണ്ട്.

(ഡി) ടി റോഡ് ഇപ്പോൾ തന്നെ ഗതാഗതയോഗ്യമാണ്. മേൽപ്പറഞ്ഞ ജോലികൾ പൂർത്തിയാക്കുമ്പോൾ റോഡ് പൂർണ്ണമായും മെച്ചപ്പെടും

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

II അടിയന്തിര പ്രമേയം

റെവല്യൂഷണറി സോഷ്യലിസ്റ്റ് പാർട്ടി ഓഫ് കേരള (ബോൾഷെവിക്)-ന്റെ വാഹന പ്രചരണ ജാഥയ്ക്ക് പെരുമ്പുഴ വച്ച് നൽകിയ സ്വീകരണ യോഗത്തിന് നേർക്ക് നടന്നതായി പറയപ്പെടുന്ന ആക്രമണം

മി. സ്പീക്കർ: 21-6-2000-ത്തിന് പെരുംപുഴവച്ച് റെവല്യൂഷണറി സോഷ്യലിസ്റ്റ് പാർട്ടി ഓഫ് കേരള ബോൾ ഷെവിക്കിന്റെ വാഹന പ്രചരണ ജാഥയ്ക്ക് നൽകിയ സ്വീകരണയോഗത്തിൽ പങ്കെടുത്തവരുടെ നേർക്ക് നടന്നതായി പറയപ്പെടുന്ന ആക്രമണംമൂലം പ്രസ്തുത പ്രദേശത്ത് നിലനിൽക്കുന്നതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷത്തെക്കുറിച്ച് ചട്ടം 50 പ്രകാരം സഭാനടപടികൾ നിറുത്തി വച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ ബാബു ദിവാകരൻ, പി.പി. തങ്കച്ചൻ, ചെർക്കളം അബ്ദുള്ള. തോമസ് ചാഴികാടൻ, ജോണിനെല്ലൂർ എന്നീ ബഹുമാനപ്പെട്ട മെംബർമാർ ചെയറിന് ഒരു നോട്ടീസ് നൽകിയിട്ടുണ്ട്. ഇന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ചുമതല വഹിക്കുന്നത് ശ്രീ. ടി. കെ. രാമകൃഷ്ണനാണ്.

9.30.A.M.]

മുഖ്യമന്ത്രിക്കുവേണ്ടി ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ.ടി. കെ. രാമകൃഷ്ണൻ): സർ, കൊല്ലം ജില്ലയിലെ കുണ്ടറ പോലീസ് സ്റ്റേഷൻ അതിർത്തിയിൽപ്പെട്ട പെരുംപുഴ ജംഗ്ഷനിൽ റെവല്യൂഷിണറി സോഷ്യലിസ്റ്റ് പാർട്ടി ഓഫ് കേരള (ബോൾഷെവിക്)-ന്റെ വാഹന പ്രചരണ ജാഥയോടനുബന്ധിച്ച് ഇന്നലെ വൈകുന്നേരം ഒരു യോഗം നടന്നിരുന്നു. യോഗ സ്ഥലത്തേക്ക് പ്രവർത്തകരെ കൊണ്ടുവന്നിരുന്ന ഒരു വാഹനം ജംഗ്ഷനിലുണ്ടായിരുന്ന ഒരു സി.പി.ഐ.(എം) പ്രവർത്തകന്റെ ദേഹത്ത് തൊട്ടുരുമിപോയി. അഞ്ചാലുംമൂട് സ്ക്കൂളിൽ നടക്കുന്ന സി.പി.ഐ.(എം) പ്രവർത്തക യോഗത്തിൽ പങ്കെടുക്കാൻ വന്ന പ്രവർത്തകന്റെ ദേഹത്താണ് വാഹനം തട്ടിയത്. ഇതുസംബന്ധിച്ച് വാഹനത്തിലുള്ളവരുമായി വാക്കുതർക്കമുണ്ടായി. പൊതുയോഗസ്ഥലത്തുണ്ടായിരുന്ന ആർ.എസ്.പി.(ബി) പ്രവർത്തകർ പ്രശ്നത്തിലിടപെടുകയും സി.പി.ഐ.(എം) പ്രവർത്തകരെ മർദ്ദിക്കുകയും ചെയ്തു. ഈ അക്രമത്തിൽ പരിക്കുപറ്റിയ ശുചീന്ദ്രൻ,

LIBRARY ARCHIVES Kerala Legislative Assembly